സാഫല്യം, സാന്ത്വനം, സൗഭാഗ്യം, ഗൃഹശ്രീ പദ്ധതികളിലൂടെ നൽകിയ വീടുകൾ

79 (5884) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സാഫല്യം, സാന്ത്വനം, സൗഭാഗ്യം, ഗൃഹശ്രീ എന്നീ പദ്ധതികളിലൂടെ എത്ര വീടുകളാണ് നൽകിയതെന്ന് വിശദമാക്കുമോ ?

ഉത്തരം

സാഫല്യം ഭവന പദ്ധതി

സ്വന്തമായി വീടും സ്ഥലവും ഇല്ലാത്ത ദാരിദ്യരേഖയ്ക്ക് താഴെയുള്ള ദുർബല വിഭാഗക്കാർക്ക് പാർപ്പിടം ലഭ്യമാക്കുന്നതിനായി സർക്കാർ സബ്സിഡിയോടുകൂടി ഫ്ലാറ്റുകൾ നിർമ്മിച്ച് നൽകുന്നതാണ് സാഫല്യം ഭവന പദ്ധതി. ഈ പദ്ധതി പ്രകാരം കൊല്ലം ജില്ലയിൽ ചാത്തന്നൂരിൽ 48 ഫ്ളാറ്റുകൾ പൂർത്തിയായിട്ടുണ്ട്. ഫ്ലാറ്റുകൾ അനുവദിച്ച് നൽകിയിട്ടില്ല.

സാന്ത്വനം വാടക വീട് പദ്ധതി

മെഡിക്കൽ കോളേജിൽ ചികിത്സതേടുന്ന രോഗികൾക്കും അവരുടെ കൂട്ടിരിപ്പുകാർക്കും കുറഞ്ഞ വാടകയ്ക്ക് താമസസൗകര്യം ലഭ്യമാക്കുന്നതിനായി നടപ്പിലാക്കുന്ന സാന്ത്വനം വാടക വീട് പദ്ധതിയിലൂടെ കോഴിക്കോട് മെഡിക്കൽ കോളേജിന് സമീപമുള്ള ഭവന നിർമ്മാണ ബോർഡിന്റെ ഉടമസ്ഥതയിലുള്ള ഭൂമിയിൽ ആദ്യ ഘട്ടമായി 44 യൂണിറ്റുകൾ നിർമ്മിക്കുന്നതിനുള്ള നടപടി കൈക്കൊണ്ടുവരുന്നു.

സൗഭാഗ്യം ഭവന പദ്ധതി

1 ലക്ഷം രൂപവരെ വാർഷിക വരുമാനമുള്ള ദുർബല വിഭാഗക്കാർക്ക് 4% പലിശയ്ക്കും 2 ലക്ഷം രൂപവരെ വാർഷിക വരുമാനമുള്ളവർക്ക് 6.5% പലിശയ്ക്കും പലിശ സബ്സിഡി നൽകി ഭവന വായ്പാ ധനസഹായം അനുവദിക്കുന്ന പദ്ധതിയാണ് സൗഭാഗ്യം ഭവന പദ്ധതി. പദ്ധതിയ്ക്കുള്ള വായ്പ സമാഹരിക്കുന്നതിനായി ദേശസാൽകൃത ബാങ്കുകളിൽ നിന്നും വായ്പ സമാഹരണം നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഗൃഹശ്രീ പദ്ധതി

സ്വന്തമായി 2 സെന്റ്/3 സെന്റ് ഭൂമിയെങ്കിലും കൈവശമുള്ള ദുർബലവിഭാഗം (EWS)/താഴ്ന്ന വരുമാനവിഭാഗം (LIG)-ത്തിൽപ്പെട്ടവർക്ക് സന്നദ്ധസംഘടന/എൻ.ജി.ഒ. കാരുണ്യവാൻമാരായ വ്യക്തികൾ എന്നിവരുടെ സഹകരണത്തോടെ വീട് നിർമ്മാണത്തിനായി രണ്ട് ലക്ഷം രൂപ, സർക്കാർ സബ്സിഡി നൽകുന്ന പദ്ധതിയായ ഗൃഹശ്രീ ഭവന പദ്ധതി ഹൗസിംഗ് ബോർഡ് മുഖേന നടപ്പിലാക്കിവരുന്നു. ഈ പദ്ധതി പ്രകാരം 2013-14 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് തുകയായ 10.50 കോടി രൂപ ഉപയോഗിച്ച് 525 ഗുണഭോക്താക്കൾക്ക് വിവിധ ഗഡുക്കളായി തുക അനുവദിച്ചിട്ടുണ്ട്. 2014-15 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് തുകയായ 14.19 കോടിരൂപ ഉപയോഗിച്ച് ഇതുവരെ 507 ഗുണഭോക്താക്കൾക്ക് വിവിധ ഗഡുക്കളായി തുക അനുവദിച്ചിട്ടുണ്ട്.

സായൂജ്യം പാർപ്പിട പദ്ധതി

80 (5885) ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. ജോസഫ് വാഴക്കൻ :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സായൂജ്യം പാർപ്പിട പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) പദ്ധതി നടത്തിപ്പിനായി ഭരണതലത്തിൽ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട് ?

ഉത്തരം

(എ) ഉണ്ട്.

(ബി) സംസ്ഥാനത്തെ ചെറിയ പൗണ്ടുകളിലും ഗ്രാമങ്ങളിലും ഇടത്തരം വരുമാനക്കാർക്ക് താങ്ങാവുന്നവിലയ്ക്ക് പ്ലോട്ടുകൾ നൽകുന്നതിനുവേണ്ടി, ഭവനനിർമ്മാണ ബോർഡ് സ്വാശ്രയാടിസ്ഥാനത്തിൽ നടപ്പിലാക്കുന്ന പദ്ധതിയാണ് സായൂജ്യം ഭൂവികസന പദ്ധതി.